(സി) ഇനി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാനുള്ളത് എന്നും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 229

(ബി) 233

(സി) 4 എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്. റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ നടന്നുവരുന്നു.

കണ്ണൂർ ജില്ലയിലെ മസ്ദൂർമാരുടെ ഒഴിവുകൾ

62 (7898) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര മസ്ദൂർമാരുടെ ഒഴിവുണ്ടെന്ന് സെക്ഷൻ ഓഫീസ് അടിസ്ഥാനത്തിൽ അറിയിക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) നിലവിൽ ഒഴിവുകളില്ല.

(ബി) ബാധകമല്ല.

റെയിൽ കോർപ്പറേഷൻ രൂപീകരണം

63 (7899) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ വികസനം, ആധുനികവൽക്കരണം തുടങ്ങിയവ നടപ്പിലാക്കുന്നതിന് ഒരു റെയിൽ കോർപ്പറേഷൻ സ്വന്തമായി രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വിഷയത്തിൽ എന്തു നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly